# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 878** | **30-06-2015 ൽ മറുപടിയ്ക്ക്.** |

## ജലസ്രോതസ്സുകളുടെ സംരക്ഷണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.ടി.എൻ.പ്രതാപൻ<br>ശ്രീ.എ.റ്റി.ജോർജ്** | | **ശ്രീ. പി.ജെ. ജോസഫ്<br>(ബഹു. ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) | ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | **ജലസേചന വകുപ്പ്**<br>ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. കുളങ്ങൾ/ ചിറകൾ എന്നിവയുടെ സംരക്ഷണത്തിനായി 'ഒരു പഞ്ചായത്തിൽ ഒരു കുളം' എന്ന പദ്ധതിയ്ക്കു പുറമെ സംസ്ഥാന ബഡ്ജറ്റ് വിഹിതമുപയോഗപ്പെടുത്തി ജലസ്രോതസ്സുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കൽ, സംരക്ഷണപ്പണികൾ എന്നിവയും നിർവ്വഹിച്ചു വരുന്നു. കായലുകൾ/തടാകങ്ങൾ എന്നിവയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയിട്ടുള്ള മാനേജ്മെന്റ് ആക്ഷൻ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള സംരക്ഷണ പ്രവൃത്തികളും നടപ്പിലാക്കുന്നു. കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ 'Repair, Renovation and Restoration of Water Bodies' പ്രകാരം ധനസഹായം ലഭ്യമാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിരുന്നെങ്കിലും ടി പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ സംസ്ഥാനത്തിന് അനുയോജ്യമല്ലാത്തതിനാൽ ധനസഹായം ലഭ്യമായിട്ടില്ല. എന്നാൽ, തൃശൂർ ജില്ലയിൽ ഒരു പദ്ധതി തയ്യാറാക്കി 'State Technical Advisory Committee' യുടെ മുൻപാകെ സമർപ്പിച്ച്, അംഗീകാരം ലഭിച്ചിട്ടുണ്ട്. കേന്ദ്ര അനുമതി കൂടി ലഭ്യമാകുകയാണെങ്കിൽ, ടി പദ്ധതി നടപ്പിലാക്കാൻ സാധിക്കും. കൂടാതെ പതിമൂന്നാം ധനകാര്യ കമ്മീഷൻ വിഹിതം ഉപയോഗപ്പെടുത്തി ജലസ്രോതസ്സുകൾ സംരക്ഷിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br>1. മഴക്കാലത്ത് ലഭ്യമാകുന്ന ജലം സംരക്ഷിച്ച് സംഭരിക്കുക.<br>2. കൃഷിക്ക്/അനുബന്ധ ആവശ്യങ്ങൾക്ക് ആവശ്യമായ ജലം ലഭ്യമാക്കുക.<br>3. ഭൂഗർഭ ജലവിതാനം താഴ്ന്നു പോകാതെ സംരക്ഷിക്കുക.<br>4. ജലസ്രോതസ്സുകളുടെ സമീപ പ്രദേശങ്ങളിലുള്ള കിണറുകളിലെ ജലവിതാനം സ്ഥായിയായി നിലനിർത്തുക.<br>5. ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും ഉറപ്പാക്കുക.<br><br>**<u>കേരള വാട്ടർ അതോറിറ്റി</u>**<br>കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ശുദ്ധജല വിതരണ പദ്ധതികൾ പ്രധാനമായും പുഴകളെയും തടാകങ്ങളെയും ആശ്രയിച്ചാണ് നിലകൊള്ളുന്നത്. വാട്ടർ അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകൾക്ക് സമീപം പരസ്യ ബോർഡുകൾ സ്ഥാപിച്ചും പത്രമാധ്യമങ്ങളിലൂടെ പരസ്യം നൽകിയും മലിനീകരണങ്ങൾ തടയുവാനും കയ്യേറ്റങ്ങൾ ഉണ്ടാകാതെയും സംരക്ഷിക്കുന്നുണ്ട്.<br>**<u>ജലനിധി</u>**<br>ജലനിധിയുടെ രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പഞ്ചായത്തിനും ജലസുരക്ഷാ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ജലസംരക്ഷണവും പരിപാലനവും നടപ്പാക്കുന്നതിന് ഭൂജലപരിപോഷണ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി ഓരോ പഞ്ചായത്തിനും 30 ലക്ഷം രൂപ വീതം വകയിരുത്തിയിട്ടുണ്ട്. ഉദ്ദേശം 25 കോടി രൂപയുടെ ഭൂജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.<br>**<u>ഭൂജലവകുപ്പ്</u>**<br>ഭൂജല സ്രോതസ്സിന്റെ സംരക്ഷണത്തിനും പരിപോഷണത്തിനുമായി ശാസ്ത്രീയമായി സ്ഥാന നിർണ്ണയം നടത്തി അടിയണകൾ, തടയണകൾ, മഴക്കുഴികൾ മുതലായവയും തുറന്ന കിണറുകൾക്ക് ചുറ്റും ആഴം കുറഞ്ഞ കിടങ്ങുകൾ നിർമ്മിച്ച് അതിലൂടെ തുറന്ന കിണറുകൾ പരിപോഷിപ്പിക്കുന്ന പദ്ധതിയും ഭൂജല വകുപ്പ് നടപ്പാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | ജനപ്രതിനിധികൾ, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ, പൊതുജനങ്ങൾ എന്നിവരുടെ നിർദ്ദേശാനുസരണമാണ് ജലസ്രോതസ്സുകളുടെ സംരക്ഷണ പ്രവൃത്തികൾ മുൻഗണന നൽകി ഏറ്റെടുക്കുന്നത്. പൊതുജനങ്ങളുടെ/ റസിഡന്റ്സ് അസോസിയേഷനുകളുടെ സഹകരണം പദ്ധതി നടത്തിപ്പിൽ ലഭിക്കാറുണ്ട്. കൂടാതെ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള സഹകരണവും തേടാറുണ്ട്.<br>ഗ്രാമപഞ്ചായത്തും ബി.ജി (ഗുണഭോക്തൃസമിതി) ഫെഡറേഷനുമാണ് ജലനിധി പദ്ധതികളുമായി സഹകരിക്കുന്നത്.<br>ഭൂജല വകുപ്പിൻ കീഴിലുള്ള ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി പൂർണ്ണമായും ഭൂജല വകുപ്പാണ് നടപ്പാക്കി വരുന്നത്. |
| (സി) | വരൾച്ച പ്രതിരോധിക്കുന്നതിന് എന്തെല്ലാം മാർഗങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | **ജലസേചന വകുപ്പ്**<br>വരൾച്ചയുണ്ടായാൽ ഉണ്ടാകാവുന്ന ജലദൗർലഭ്യം പരിഹരിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. കൂടാതെ നീർത്തടാടിസ്ഥാനത്തിലാണ് പ്രവൃത്തികൾ നിർവ്വഹിച്ചു വരുന്നത് എന്നതിനാൽ നദീതടത്തിലെ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനും അതുവഴി നദികളിലെയും മറ്റ് ജലസ്രോതസ്സുകളിലേയും നീരൊഴുക്ക് സ്ഥായിയാക്കുന്നതിനും/വർദ്ധിപ്പിക്കുന്നതിനും കഴിയും.<br>**കേരള വാട്ടർ അതോറിറ്റി**<br>വരൾച്ച പ്രതിരോധിക്കുന്നതിനായി ജലസ്രോതസ്സുകളിലെ ജലവിതാനം കുറയുന്നത് തടയുന്നതിനും ജലവിതാനം ഉയർത്തുന്നതിനും വേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ വിവിധ ജലവിതരണ പദ്ധതി പ്രദേശങ്ങളുടെ സ്രോതസ്സുകളിൽ തടയണ നിർമ്മാണം, സ്രോതസ്സുകളിലെ ചെളി, മണ്ണ് എന്നിവ നീക്കം ചെയ്യൽ, ഇൻഫിൽട്രേഷൻ ഗാലറിശുദ്ധീകരണം എന്നീ പ്രവൃത്തികൾ ധനലഭ്യതയ്ക്കനുസൃതമായി വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികളിൽ ഉൾപ്പെടുത്തി ചെയ്തു വരുന്നു. |

| | | | |
|---|---|---|---|
| | | | **<u>ജലനിധി</u>**<br>കിണറുകളിലെ point recharge, roof water harvesting, ചെറുകിട തടയണകൾ, Gabion structure, Radial Arm, നീർക്കുഴികൾ, ഓട (ഓവ്ചാൽ നിർമ്മാണം), sub-surface dyke എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കാനും പാഴായിപ്പോകുന്ന മഴവെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ശുദ്ധീകരിച്ച് ജലസ്രോതസ്സുകളെ സംരക്ഷിക്കാനുമാണ് ഉദ്ദേശിയ്ക്കുന്നത്.<br>**<u>ഭൂജലവകുപ്പ്</u>**<br>തുറന്ന കിണറുകൾ കൃത്രിമമായ റീചാർജ്ജ് ചെയ്യുന്നതിലൂടെ കൂടുതൽ മഴവെള്ളം ഭൂമിക്ക് ഉള്ളിലേക്ക് ആഴ്ന്നിറങ്ങുന്നതിനും അതുവഴി ഭൂജല നിരപ്പ് ഉയരുന്നതിനും കാരണമാകുന്നു. "ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" എന്ന പദ്ധതി ഭൂജല വകുപ്പ് കാലാകാലങ്ങളിൽ ലഭ്യമാകുന്ന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതുവഴി വേനൽക്കാലങ്ങളിൽ ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ഭൂജല നിരപ്പ് ഉയർത്തുന്നതിനും വരൾച്ചയുടെ തോത് പദ്ധതി നടപ്പിലാക്കുന്ന പ്രദേശങ്ങളിൽ കുറയ്ക്കുവാനും സഹായകരമാകുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**